Malappuram District Police

## 09/01/2018 മലപ്പുറം

സ്വർണം പൂശിയ ലോഹക്കട്ടയും കള്ളനോട്ടുമായി പോലീസ് പിടിയിലായ അസം സ്വദേശികളെ മലപ്പുറം കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കഴിഞ്ഞദിവസം വൈകിട്ട് കോട്ടപ്പടി ബസ് സ്റ്റാൻഡ് പരിസരത്തുനിന്ന് സിഐ എ.പ്രേംജിത്തിന്റെ നേതൃത്വത്തിലാണ് അസം സ്വദേശികളായ നാഗബോൺ ജില്ലയിലെ കാബൂർ സ്വദേശി അബ്ദുൽ സലാം (24 ), അസമിലെ ദാവാര സ്വദേശികളായ ബാഫാ ആലം (27), മുഹമ്മദ് ബാറുൽ ഇസ്‌ലാം (36), നാഗബോൺ അമാഗുരി സ്വദേശി നൂറുൽ അമീൻ (18) എന്നിവരെ പിടികൂടിയത്.

25,000 രൂപയ്ക്ക് ഒരു ലക്ഷം രൂപയുടെ കള്ളനോട്ടുകളാണ് ഇവർ നൽകുന്നത്. രണ്ടായിരത്തിന്റെ 95 കള്ളനോട്ടുകളാണ് ഇവരിൽനിന്ന് പോലീസ് പിടികൂടിയത്. ഇവ ആർക്ക് കൈമാറാൻ എത്തിയതാണെന്ന് പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അസമിൽനിന്ന് പഴയ വീട് പൊളിച്ചപ്പോൾ കിട്ടിയ നിധിയാണെന്നു പറഞ്ഞ് ലോഹം പൂശിയ സ്വർണക്കട്ട വിൽപന നടത്താനുള്ള ശ്രമമായിരുന്നു. കുറഞ്ഞ വിലയ്ക്ക് ലഭിക്കുമെന്ന് പറഞ്ഞ് യഥാർഥ സ്വർണക്കട്ടയുടെ കഷണം കാണിച്ചായിരുന്നു തട്ടിപ്പ്.

ഒരു കട്ടയ്ക്ക് പത്ത് ലക്ഷം രൂപ വരെയാണ് വില പറഞ്ഞിരുന്നത്. ഇവ പിടികൂടി ദേഹപരിശോധന നടത്തിയപ്പോഴാണ് അരയിൽ സൂക്ഷിച്ച കള്ളനോട്ടുകൾ കണ്ടത്. ഒന്നര മാസത്തോളമായി ഇവർ മലപ്പുറത്ത് എത്തിയിട്ടെന്നാണ് പോലീസ് പറയുന്നത്. എറണാകുളം പെരുമ്പാവൂരിലാണ് ഇവർ താമസിക്കുന്നത്.